# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 823** **08.01.2014-ലെ മറുപടിക്ക്**

**ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ഡോക്ടർമാരുടെ വിരമിക്കൽ പ്രായം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) നിലവിൽ 60 വയസ്സാണ്. |
| (ബി) വിരമിക്കൽ പ്രായപരിധി വീണ്ടും ഉയർത്താൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) പരിഗണനയിലില്ല. |
| (സി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ, സീനിയർ ലക്ചറർ എന്നീ തസ്തികകളിൽ നിയമനം നടന്ന അവസാന വർഷം ഏതാണ് ; | (സി) എൻട്രി കേഡർ അസിസ്റ്റന്റ് പ്രൊഫസറായി പുനർനാമകരണം ചെയ്തുവെങ്കിലും നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ സീനിയർ ലക്ചറർ ആയി നോട്ടിഫൈ ചെയ്തതാണ്. അതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക റിപ്പോർട്ട് ചെയ്താലും പി.എസ്.സി. സീനിയർ ലക്ചററായി ആണ് അഡ്വൈസ് ചെയ്യുന്നത്. അതിനാൽ നിയമനം സീനിയർ ലക്ചററായി നൽകുകയും അവർ സർവ്വീസിൽ പ്രവേശിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് പ്രൊഫസറായി റീഡസിഗ്നേറ്റ് ചെയ്യുകയുമാണ് ചെയ്യുന്നത്. അപ്രകാരം സാങ്കേതികമായി സീനിയർ ലക്ചററായുള്ള നിയമനം തുടർന്നുവരുന്നു. പി.ജി. ക്വാളിഫിക്കേഷൻ ഉള്ളവർ നിലവിലില്ലെങ്കിൽ അവരെ ലക്ചററായാണ് പി.എസ്.സി. അഡ്വൈസ് ചെയ്യുന്നത്. അത്തരം നിയമനവും തുടർന്നുവരുന്നു. |

(ഡി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഓരോ മെഡിക്കൽ കോളേജിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ എന്നീ തസ്തികകളിൽ എത്ര പേർ ആവശ്യമാണ് ; നിലവിൽ എത്ര പേർ വിവിധ തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ ?

(ഡി) കേന്ദ്ര സർക്കാരല്ല; മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുള്ള തസ്തികകൾ നിഷ്കർഷിച്ചിട്ടുള്ളത്. ലക്ചറർ തസ്തിക മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്നില്ല. പകരം ട്യൂട്ടർ/സീനിയർ റസിഡന്റും, ജൂനിയർ റസിഡന്റും ആണ് നിഷ്കർഷിച്ചിട്ടുള്ളത്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ച പ്രൊഫസർ, അസോ. പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളുടെ വിശദാംശവും നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിയമിക്കപ്പെട്ടവരുടെ വിശദാംശവും അനുബന്ധമായി (1&2) ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# Annexure I

## Number of Posts required as per MCI Norms according to number of seats for MBBS Course

| Sl No: | Number of seats | Professor | Associate Professor | Assistant Professor | Total |
|---|---|---|---|---|---|
| 1 | 100 | 22 | 25 | 43 | **90** |
| 2 | 150 | 22 | 39 | 53 | **114** |
| 3 | 200 | 22 | 48 | 74 | **144** |
| 4 | 250 | 22 | 65 | 77 | **164** |

# Annexure II

## Details of Faculties posted in each of the Government Medical College in the State

| College | Professor | Associate Professor | Assistant Professor | Lecturer | Total |
|---|---|---|---|---|---|
| Govt.Medical College Kozhikode | 59 | 93 | 89 | 169 | **410** |
| Govt.Medical College Thiruvananthapuram | 71 | 78 | 162 | 246 | **557** |
| Govt.Medical College Kottayam | 43 | 51 | 101 | 124 | **319** |
| Govt.Medical College Alapuzha | 29 | 37 | 59 | 112 | **237** |
| Govt.Medical College Thrisur | 27 | 37 | 80 | 137 | **281** |
| Govt.Medical College Manjeri | 6 | 10 | 9 | Nil | **25** |